If the hon'ble member has got any grievance about the conduct of the Minister, it is open to him to ventilate his views. I do not think a motion of this kind will be in order.

Mr. C. V. Iyyu *(Kunnamkulam):* I have one more remark to offer. As far as we stand, our Maharaja is at war with Germany. The position is that if the Minister creates a deadlock just like the Congress Ministries in the Provinces, it will create a great sensation. We are all loyal subjects of His Highness and if the Minister shirks his responsibility, so far as the war is concerned, it will be a serious thing. That is the position.

Mr. President: I do not think the motion is in order.

Motion ruled out of order.

3. Regarding the abolition of the Debt Conciliation Board

Mr. President: The next motion is from Mr. A. Eachara Menon.

It is 'to discuss about the proposed abolition of the Debt Conciliation Board'.

The motion is technically in order. I have to ask the Hon'ble Member whether he has the leave of the House. The motion is in order, and it is admitted. If no objection is taken, it will be taken up at half-past-three.

Announcement of Bills assented to

Secretary to the Council: Under Standing Order 5 (2) I have to announce to the Council that His Highness the Maharaja has been graciously pleased to give His Highness' assent to the following bills passed by the Council.—

(1) The Cochin Agriculturists' Relief Bill.

(2) The Cochin Nambudiri Bill.

Statement placed on the table

Rama Varmha Tampuran *(Comptroller of Finance and Accounts):* Sir, under Rule 58 of the Legislative Council Rules, I beg to place the following statement of expenditure authorised by

LIBRARY ARCHIVES Kerala Legislative Assembly

ഒരു വാക്കു കൂടി പറയുവാനുണ്ടു്. ഇവിടെ മെമ്പർമാർ ബില്ലിനേക്കാൾ നല്ലതായ ഒരു ബിൽ വരുന്നില്ലെങ്കിൽ ഇവിടത്തെ കഷ്ടകന്മാക്കു് ആവശ്യമായ രക്ഷ ചെയ്യുവാൻ സാധിക്കയില്ല. അതുകൊണ്ടു് ഈ ബില്ലു് സിലക്ടുകമ്മിറ്റിക്കയക്കുമ്പോൾ അതിലെ മെമ്പർമാർ ഇതിനൊരു അലകും പിടിയും മാറ്റിട്ടു് ശരിയായ ഒരു ബില്ലായിട്ടു വേണം ഇവിടെ കൊണ്ടുവരുവാൻ എന്നു മാത്രമേ എനിക്കു പറയുവാനുള്ളു.

ADJOURNMENT MOTION

The abolition of the Debt Conciliation Board

Mr. A. Eachara Menon *(Chittur-Rural):* Sir, my motion was that the business of the House may be adjourned for the purpose of discussing a definite matter of urgent public importance, namely, the proposed abolition of the Debt Conciliation Board. It is said in the Gazette that the life of the Board is to end on the 28th of Vrischigam. Therein it is said that the amount involved in the conciliation hitherto is five lakhs of rupees, that is about two lakhs per year. The expense to the Government is only about Rs. 5,000 for these 2½ years. This is not very high. 444 cases were dismissed for default. This shows the financial position of those who have given petitions. Other Governments like the Mysore Government think of giving the power of scaling down debts to their Board. Our Government, for reasons which they have published, thought it necessary to abolish the Board. I think this Board, if constituted in the northern parts of the State, would work beautifully well. Here the tenants are very poor and the holdings very small. They hold small bits of land and hence they find it very difficult to carry on their cases before the Board. What I propose is that this Board should not now be abolished but it should be sent to the northern parts of the State and tried before the Government come to the conclusion that this should be abolished. The Board is working beautifully well in Coimbatore where there were two Sub-Judges and two Munsiffs but now only one each. I shall reply after I hear the Government member.

Mr. Puthur Achyuta Menon *(Kattur):* Sir, I rise to oppose the motion moved by the hon'ble member. In opposing it, Sir, I humbly request the Government not to think that I am always a man against conciliation. From the Budget Session of 1114 onwards, I used to demand with the maximum eloquence at my command that more powers should be given to the Debt Conciliation Board. If Government are not prepared to give more powers to the Debt Conciliation Board, there is no necessity of spending more money on it. That was the argument I placed before this House from the very first moment I entered this Council. Within this short period of two years, I can positively bring to the notice of the House that the

LIBRARY ARCHIVES Kerala Legislative Assembly

liquidation mentioned as being carried on shows only a scaling down of debts. If the Debt Conciliation Board is not given more powers there is no justification for its existence. The Board must be given power to compel the creditors to take property in sensible cases. If the Debt Conciliation Board is not given power to fix reasonable rates and reasonable prices for the properties and power to compel the creditors to take the property, I, for one, cannot support the idea of giving a longer life to the Board and waste hard-earned public money on that account. So, on this point, that the Debt Conciliation should not exist any longer if more powers are not given to them, I oppose this motion.

Mr. T. V. Subramania Ayyar *(Nemmara):* I have pleasure in supporting the motion for adjournment moved by the Hon'ble Member for Chittur Rural. The argument advanced by my friend Mr. Achyuta Menon that it is better to end the Board if more powers cannot be granted to it is not according to me, a sound argument. The Government established this Board with a view to give some sort of relief to the agriculturists of the State. If, in the course of the working of the Board, difficulties are encountered, or if the Board finds that more powers are required for its proper functioning it is better to invest it with more powers than to do away with the Board—instead of trying to improve the Board, there is no meaning in ending it. What I submit is, it is better that more powers are given to the Board than trying to end it. The point by my friend, the Hon'ble Member for Chittur Rural, that the experience that the Board had in its working with regard to these taluks, the southern taluks, is not applicable to the northern taluks. Here, I know of instances where the sole property of a tenant or an agriculturist consists of half-a-dozen cocoanut trees and a small patch of land. So far as Chittur is concerned, I believe the Hon'ble Member for Revenue will vouchsafe the truth of that, there are more *jenmis* in Chittur who own extensive property and who pay heavy assessment to Government than in any other taluk of the State. In Nemmara also there are many *Pattamdars* who hold large area of land and the experience which the Board had in its working in the southern taluks may not be directly applicable to those taluks. With regard to another point mentioned by my friend, I would also mention that the plight of the agriculturists in Chittur is very sad indeed and an attempt should be made to work the Board in this taluk. The trend of modern opinion is also in the way of investing the Board with more powers. We shall try to invest them with more powers instead of trying to end them. The rules framed by the Madras Government have invested the Board with more powers and it is also given power to scale down debts. It is possible that with our

LIBRARY ARCHIVES Kerala Legislative Assembly

efforts, we will be able to scale down debts and bring about an amicable settlement for the well-being of both the debtor and creditor, instead of going to court for litigation. For these reasons, I support the motion.

Mr. A. V. Moothedan *(Chalakkudi):* I oppose this motion. By this, the hon'ble member wants to censure the Government, for abolishing the board. Under the Debt Conciliation Act, the Government have power to constitute a Board in any part of the State. Government appointed a board for the three taluks of Cochin-Kanayannur, Cranganur and Mukundapuram, and from their experience, Government found that it was not worthwhile continuing the board, and so they abolished it. About that there is no dispute. Now, the point is that some persons want a Board for the Chittur Taluk. The proper procedure for this is to approach the Diwan and ask for the establishment of a Board for that area. The Cochin Debt Conciliation Act is still on the statute and the Government have power to establish Boards. You move the Government and they will give you what is required. The present Board was not working satisfactorily. The creditors were not satisfied. The debtors were not satisfied and the members of the Board were also not satisfied. No body wants it here, and everybody is shedding crocodile tears. If the hon'ble member wants a Board at Chittur, I welcome that idea. Let the Government appoint the board.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഡെറാ കണ്ടസിലിയേഷൻ ബോർഡ്" തെക്കൻ താലൂക്കുകളിൽ ഏർപ്പെടുത്തിയതുപോലെ അതുകൊണ്ടു കോട്ടിലെ കേസുകൾ കറഞ്ഞിട്ടുണ്ടോ?

Mr. M. K. Devassy *(Adur):* I wish to make a few observations in this connection From reading the Government proceedings I think all the Hon'ble Members of the House will have reasons to convince the futility of the establishing of the Debt Conciliation Board. It is not the fault of the Board. It is not even the fault of the public. It is the fault of the statute under which we are acting. Unless the statute gives the board some power to effectively administer the decision of the board, after all, it will be no surprise to this House, to note that the working of the Board has always been a failure. Therefore one has no reason whatever to regret the abolition of this Board as we find from the proceedings of the Government published some time ago. But for another reason I would think that the Board is a necessity. I happen to be a member of the Agricultural Relief Enquiry Committee which has submitted its report with regard to the credit bonds. A problem arises before the Committee, namely that if credit bonds have to be issued the correct amount of the debt has to be settled. Now, what exactly is the amount, scaled down according to the Agricultural Relief Act now stands. There is provision

LIBRARY ARCHIVES Kerala Legislative Assembly

now only for applications to scale down debts either in pending suits or in decree. So that where the debt has to be ascertained as between the debtor and the creditor without resort to Civil Court the necessity will arise for somebody to act as a tribunal to ascertain the real amount. We find when the question of the issue of credit bonds is mooted by Government, the question of ascertaining credit amounts will loom large in its working. Therefore there should be a tribunal to ascertain that amount. The committee recommended that the Debt Conciliation Board may do that work for the scaling down for the proper working of that scheme. Government has not passed orders upon it. The courts are overworked and therefore we think that the Debt Conciliation Board will be a proper body to act as a tribunal for that purpose, so that that question is pending before the Government. But I am not against the abolition of the Board, to act under the Debt Conciliation Act. For that purpose, the board need not exist at all, because it is only a futile attempt on the part of the Board to effect conciliation. But for the purposes we have suggested in our report, I think the re-establishment of the Board will be necessary. I simply wanted to place these facts before the House.

Mr. M. L. Joseph *(Latin Christians-Cranganur):* As one who has some personal experience with this Board, I deem it my duty to oppose this motion. As far as my experience goes, I can confidently say that this Board, as it now exists, serves no purpose to anybody except by keeping two or three old men engaged by giving them a pleasant diversion. Apart from that, I do not think it has done any good either to the debtor or to the creditor. From the statistics published by the Government we can see that out of about nine hundred and odd petitions, they have been able to conciliate only 112 and odd petitions. I think that none of these disposals is going to take real effect, because every one of these will have to go to court after the expiry of the period. In that view of the matter, I believe that if at all the Board is to be maintained, it is to be maintained as a relic of the old world remembrance. Of course, it has been serving to effect a sort of a moratorium at a time when there was no Agricultural Relief Act or anything of that kind to support the creditors. Now there is no necessity for that moratorium. Now that the Agricultural Act has come into existence, it is right on the part of the Government to abolish the Board. I do not think there is any reason why we should continue it further. If the hon'ble members of the northern taluks are really enamoured of this Board, I for one will be the last to object to have the board consecrated there and to rid us of the worry we have been undergoing in the past.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിംസേട്ട്: മിസ്റ്റർ പ്രസിഡണ്ടു സർ, ഡെറ്റ് കൺസിലിയേഷൻ ബോർഡ് അബോളിഷ് ചെയ്യാതിരിക്കേണ്ട കാര്യത്തെ സംബന്ധിച്ചു ബഹുമാനപ്പെട്ട ചിറ്റൂർ മെമ്പർ അവർകൾ ഒരു അടിയന്തിര പ്രമേയം അവതരിപ്പിച്ചു. അതിനെപ്പറ്റി വാദപ്രതിവാദങ്ങൾ ഉണ്ടായതു വളരെ നന്നായി. എന്നാൽ ഡെറ്റ് കൺസിലിയേഷൻ ബോർഡ് ഏർപ്പെടുത്തിയതിനുശേഷം ഉണ്ടായിട്ടുള്ള ചുരുക്കം ചില അനുഭവങ്ങൾ എനിക്കറിയാം. അതായതു കടക്കാരേയൊ, കടം കൊടുത്തിട്ടുള്ളവരേയൊ, ബോർഡിലെ മെമ്പർമാരേയൊ ഇതുവരെ തൃപ്തിപ്പെടുത്തീട്ടില്ലെന്നു മിസ്റ്റർ മൂത്തേടൻ പറഞ്ഞതിനോടു ഞാൻ യോജിക്കുന്നു. ഇങ്ങനെ ഒരു ബോർഡ് വന്നാൽ അതുകൊണ്ടു കടക്കാർക്കു രക്ഷയുണ്ടാകുമെന്നുവെച്ചാണു് ഈ കൌൺസിലിലെ ബഹുമാനപ്പെട്ട മെമ്പർമാരുടെ ഏകാഭിപ്രായത്തോടുകൂടി ഒരു ബോർഡ് നിയമിക്കാൻ കാരണം. പക്ഷെ ബോർഡിന്റെ ഇതേവരെയുള്ള പ്രവർത്തനംകൊണ്ടു ഈ കൌൺസിലിലെ അംഗങ്ങൾക്കു തന്നെ ഇങ്ങനെ ഒരു ബോർഡ് വേണ്ടെന്നു് തോന്നിത്തുടങ്ങീട്ടുണ്ടു്. അതിന്റെ ചുരുക്കം, കടക്കാരൻ ബോർഡിൽ ഒരു പെറ്റീഷൻ കൊടുത്താൽ അതിനെപ്പറ്റി ആലോചിച്ചു കടം മേടിച്ചവനേയും, കടം കൊടുത്തവനേയും തൃപ്തിപ്പെടുത്തുക്കവിധത്തിൽ ഒരു സംഖ്യ നിശ്ചയിക്കുന്നതിനു ബോർഡുകാർക്കു അറിഞ്ഞുകൂടെന്നുള്ളതാണു്. അവസാനം ബോർഡുകാർ കടക്കാരനു ഒരു സർട്ടിഫിക്കറ്റ് എഴുതിക്കൊടുക്കുകയും കടക്കാരൻ അതുംകൊണ്ടു നടക്കുകയുമാണു് പതിവു്. ഈ സർട്ടിഫിക്കറ്റുകൊണ്ടു കാര്യം നടക്കുന്നുണ്ടൊ എന്നു് ബോർഡുകാരൊ, ഗവർമ്മെണ്ടൊ ചിന്തിച്ചിട്ടുണ്ടൊ എന്നു സംശയമാണു്. അതുകൊണ്ടു ഇങ്ങനെയുള്ള ഒരു ബോർഡു വെച്ചു പബ്ലിക്കു ഫണ്ടിലെ പണം ചിലവു ചെയ്യുന്നതു കുറെ സാഹസമാണു്. കൂടാതെ ഇപ്പോൾ നമ്മുടെ സ്റ്റേറ്റിൽ അഗ്രിക്കൾച്ചറൽ ഡെറ്റ് റിലീഫ് ആക്ടു് നടപ്പിൽ വന്നിട്ടുള്ളതുകൊണ്ടു ആ നിയമപ്രകാരം തന്നെ കടക്കാർക്കു കോട്ടിൽ പെറ്റീഷൻ കൊടുത്തു സംഖ്യ ഇളവുചെയ്തു കിട്ടുന്നുണ്ടു്. അങ്ങിനെ കാര്യം എളുപ്പത്തിൽ നടക്കാനുള്ള മാർഗ്ഗമുള്ളതുകൊണ്ടു ഞാൻ ഈ മോഷനെ എതിർക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഞാൻ ഈ മോഷനെ അനുകൂലിക്കുന്നു. ഡെറ്റ് കൺസിലിയേഷൻ ബോർഡു് ഇവിടെ രൂപീകരിച്ചു. അതിന്റെ രണ്ടിൽ ചിലപ്രാവശ്യം കൊല്ലത്തെ പ്രവർത്തനം വിജയപ്രദമായില്ലെന്നുവെച്ചു അതു തള്ളിക്കളയുന്നതു ഒരു പരിഷ്കൃത ഗവർമ്മെണ്ടിനു യോജിച്ചതാണൊ എന്നാണു് എന്റെ സംശയം. വിജയപ്രദമായിട്ടില്ലെങ്കിൽ അതിന്റെ കാരണം കണ്ടുപിടിച്ചു വിജയപ്രദമാക്കാനുള്ള കാര്യം ആലോചിക്കുകയാണു് വേണ്ടതു്. അതിനു ഗവർമ്മെണ്ടിനു ക്ഷമയില്ലാതെ ബോർഡുതന്നെ വേണ്ടെന്നു തീരുമാനിക്കുകയാണുണ്ടായതു്. തെക്കൻ താലൂക്കുകളിൽ ബോർഡു രൂപീകരിച്ചു പ്രവർത്തനം തുടങ്ങിയകാലത്തു വടക്കൻ താലൂക്കുകളിൽ കൂടി ബാധകമാക്കണമെന്നുള്ള മുറവിളി അന്നുമുതൽ തന്നെ നിയമസഭയ്ക്കകത്തും പുറത്തും ഉണ്ടായിട്ടുള്ളതാണു്. പക്ഷെ തല്ക്കാലം പരീക്ഷണാർത്ഥം തെക്കൻ താലൂക്കുകളിൽ മാത്രം പ്രവർത്തനമാരംഭിച്ചു. അതു വിജയപ്രദമായില്ല എന്നുള്ള കാര്യംകൊണ്ടു വടക്കൻ താലൂക്കുകാരെ വിസ്മരിക്കാൻ ഇടയായി. ഈ ബോർഡു വന്നതുകൊണ്ടു വക്കീലന്മാരുടെ വലിയ ആവശ്യം വരുന്നില്ല. കക്ഷികൾക്കു് ജനറഞ്ജനബോർഡിൽ ഒരു ഹാജരു മാത്രം കൊടുത്താൽ മതി. തൻമൂലം കക്ഷികൾക്കു് വലിയ പണച്ചിലവു കൂടാതെതന്നെ കാര്യം നടക്കുന്നുണ്ടു്. എന്നാൽ കടക്കാർക്കുണ്ടായിരുന്ന ആദായവും സ്വകയ്യും ബോർഡു

പ്രവർത്തനം പരാജയപ്പെട്ടു എന്ന കാരണത്താൽ എങ്കിലും പരീക്ഷാർത്ഥമായി വടക്കൻ താലൂക്കുകളിൽ കൂടി ഏർപ്പെടുത്തി ഒരു പരീക്ഷണം നടത്തുന്നതിനു മടിയുണ്ടായാൽ കൊള്ളാം. എന്നാൽ അതിനും ഗവർമ്മെണ്ടു സന്നദ്ധമാവും പ്രശ്നിപ്പിക്കുന്നതായും കാണുന്നില്ല.

ബോർഡിന്റെ നിയമനകാലത്തും അതിനുശേഷവും ആക്ടിനു ചില ഭേദഗതികൾ അനുഭാവപൂർണ്ണമായ പക്ഷം കൊണ്ടുവന്നു. ഗവർമ്മെണ്ടു് അതൊക്കെ തള്ളിക്കളയുകയാണു് ചെയ്തതു്. "അവ ബോർഡിന്റെ പ്രവർത്തനം വിജയപ്രദമാക്കാൻ പര്യാപ്തമായ ഭേദഗതികളായിരുന്നു. അങ്ങിനെയുള്ള ഭേദഗതികൾ കൊണ്ടുവന്നു പാസ്സാക്കി ഒന്നു പരീക്ഷിച്ചു നോക്കേണ്ട ചുമതല ഗവർമ്മെണ്ടിനുണ്ടായിരുന്നു; അതു ഗവർമ്മെണ്ടു ചെയ്തില്ല. അഗ്രികൾച്ചറൽ ഡെറ്റ് റിലീഫ് ആക്ടു് ബ്രിട്ടീഷിൻഡ്യയിൽ എന്നല്ല പല നാട്ടുരാജ്യങ്ങളിലും നടപ്പാക്കീട്ടുണ്ടു്. എന്നിട്ടും അവിടങ്ങളിൽ ജുണരഞ്ജന ബോർഡിന്റെ പ്രവർത്തനം ഫലപ്രദമായവിധം നടത്തിവരുന്നു. വിശിഷ്യാ കോയമ്പത്തൂർ ജില്ലയിൽ വളരെ ഭംഗിയായി നടത്തിക്കൊണ്ടുവരുന്നുണ്ടെന്നാണു് ചില സ്നേഹിതന്മാരിൽനിന്നു മനസ്സിലാകുന്നതു്. ഇങ്ങനെ മറ്റു രാജ്യങ്ങളിൽ വിജയപ്രദമായി നടത്തിവരുമ്പോൾ ഇവിടെ അങ്ങിനെ സാധിച്ചില്ലെന്നുള്ളതു ഇപ്പോഴത്തെ നമ്മുടെ ഗവർമ്മെണ്ടിനു പോരായ്മയാണു്; വലിയ രാജ്യതന്ത്രജ്ഞനായ ദിവാൻജി അവർകൾക്കു അഭിമാനകരവുമല്ല. അതുകൊണ്ടു ഗവർമ്മെണ്ടു ഇതിന്റെ പ്രവർത്തനം വിജയപ്രദമായ നിലയിൽ തുടർന്നുകൊണ്ടുപോകുന്നതിനു ശ്രമിക്കണം. ചിറ്റൂർ താലൂക്കിൽ ഇതു വേണമെന്നുള്ള ഉപക്ഷേപം ഉണ്ടായിരുന്നു. ഇപ്പോൾ ചിറ്റൂർ മെമ്പരുടെ പ്രമേയവും ഉണ്ടു്. വടക്കൻ താലൂക്കുകളിൽകൂടി ഇതു ബാധകമാക്കണമെന്നുള്ള പ്രമേയങ്ങളും ഇവിടെ വന്നിട്ടുണ്ടു്. ഇതിന്റെ പ്രവർത്തനം വടക്കൻ താലൂക്കുകളിൽ അനുഭവപ്പെട്ടിട്ടില്ലാത്തതുകൊണ്ടു അവിടങ്ങളിൽ കൂടി ഒന്നു പരീക്ഷിച്ചാൽക്കൊള്ളാം. അതുകൊണ്ടു ഞാൻ ഈ മോഷനെ അനുകൂലിക്കുന്നു.

മിസ്റ്റർ വി. കെ. കുട്ടി: മിസ്റ്റർ പ്രസിഡണ്ടു് സർ, ഡെറ്റ് കൺസിലിയേഷൻ ബോർഡു് നിറുത്തൽ ചെയ്യരുതെന്നു വിവരിക്കുന്ന ഈ അടിയന്തിര പ്രമേയത്തോടു് അനുകൂലിക്കാൻ എനിക്കു നിവൃത്തിമില്ല. എന്തുകൊണ്ടെന്നാൽ ഡെറ്റ് കൺസിലിയേഷൻ ബോർഡു് ഈ കൌൺസിലിൽ നിന്നും ആവിർഭവിച്ചിട്ടുള്ളതാണു്. അതിന്റെ പ്രവർത്തനം കൊച്ചി രാജ്യത്തിനു എത്രമാത്രം ഉപകാരപ്രദമായിട്ടുണ്ടു് എന്നുള്ളതാലോചിക്കുമ്പോൾ ഇങ്ങനെയുള്ള ഒരു ബോർഡു് ഈ രാജ്യത്തു് ഒട്ടുംതന്നെ ആവശ്യമില്ലെന്നു് പറവാൻ ഞാൻ നിർബന്ധിതനായിത്തീരുന്നു. നമ്മുടെ ഡെറ്റ് കൺസിലിയേഷൻ ബോർഡിനെ സംബന്ധിച്ചിടത്തോളം പറകയാണെങ്കിൽ അവരുടെ നിയമപരിധിക്കുള്ളിൽ നിന്നുകൊണ്ടു് അതിലെ അംഗങ്ങൾ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടെന്നുള്ളതു് തുറന്നു സമ്മതിക്കാതെ നിവൃത്തിയില്ല. പക്ഷെ അവക്കു കിട്ടീട്ടുള്ള അധികാരങ്ങൾ പരിമിതമായതുകൊണ്ടു അതിൽ അവക്കു വിജയം നേടുവാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും ഈ രീതി തുടർന്നുപോകുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ലെന്നതുതന്നെയല്ല, മട്ടാഞ്ചേരി മുസ്ലീം മെമ്പർ അവർകൾ പറഞ്ഞതുപോലെ പബ്ലിക്കു് ഫണ്ടു് ഇങ്ങിനെ അനാവശ്യമായി ഇനിയും ചിലവാക്കരുതെന്നുകൂടി എനിക്കപേക്ഷയുണ്ടു്. വെട്ടിക്കുറച്ചിട്ടുള്ള സംഖ്യ ഏതു തരത്തിൽ കൊടുത്തു കടം വീട്ടുവാൻ കഴിയുമെന്നുള്ള പ്രശ്നത്തിനു ഇതേവരെ ഒരു സമാധാനം ഈ സഭക്കോ ഗവർമ്മെൻറിനോ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈ സംഗതിയിൽ ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതുവരെ ഇത്തരം ബോർഡുകൾ നടത്തിക്കൊണ്ടുപോകുന്നതു് ആശാസ്യമല്ലെന്നാണു് എന്റെ അഭിപ്രായം. വെട്ടിക്കുറച്ച സംഖ്യ കഴിച്ചു ബാക്കിയുള്ള കടത്തിനു നിരക്കുന്നതരിച്ചു ഭൂമി എടുത്തു കടം തീർക്കണം എന്ന ഒരു നിയമം ഇവിടെ വരുത്തണം. അങ്ങിനെ ചെയ്യുന്നപക്ഷം നമ്മുടെ ഭൂപണയ ബാങ്കോ സെക്യൂരിറ്റി ബോണ്ടോ ആവശ്യമായി വരുന്നതല്ല. ഭൂപണയ ബാങ്കിന്റെ ആവശ്യം ഇവിടെ ഇല്ലെന്നുള്ള അർത്ഥത്തിലല്ല ഞാൻ പറയുന്നതു് അതുകൊണ്ടു് വളരെ ഗുണമുണ്ടു്. എതായാലും കടപ്പെട്ട സംഖ്യക്കു ബാധകമായിട്ടുള്ള ഭൂമികൾതന്നെ വിട്ടുകൊടുക്കുന്നതുവരെ അധികാരത്തോടുകൂടിയ ഒരു ബോർഡു കൂടാതെ ഇവിടെ യാതൊരു ബോർഡുകൊണ്ടും പ്രയോജനമില്ലെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. അതിനാൽ ഇനിയും ഇത്തരം കൺസിലിയേഷൻ ബോർഡുകൾ വെച്ചു് ഈ ക്ഷാമകാലത്തു് പണം ചിലവാക്കേണ്ടകാര്യമില്ല. അതുകൊണ്ടു ഞാൻ ഈ അടിയന്തിരപ്രമേയത്തെ എതിർക്കുന്നു.

*മിസ്റ്റർ പോപ്പട്ടിലാൽ ഗോവിന്ദലാലൻ: സർ, തെക്കൻ താലൂക്കുകളിൽ പരാജയപ്പെട്ട ഈ ബോർഡു ഇപ്പോൾ വടക്കൻ താലൂക്കുകാർക്കു കിട്ടണമെന്നു പറയുന്നതു് ഒരു സുഖക്കേടാണെന്നു തോന്നുന്നു. ഇവിടെ ബോർഡു വന്നു് രണ്ടര കൊല്ലമായിട്ടും വാങ്ങിച്ചാൽ കൊടുക്കേണ്ടതെന്നുള്ള കാര്യത്തിൽ കുറെകൂടി ശക്തിയുണ്ടായി എന്നല്ലാതെ അതുകൊണ്ടു് യാതൊരാൾക്കും ഗുണമുണ്ടായതായി കാണുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അഞ്ചു ലക്ഷം രൂപായുടെ ഇടപാടെങ്കിലും തീർന്നിട്ടില്ലേ?

മിസ്റ്റർ പോപ്പട്ടിലാൽ ഗോവിന്ദലാലൻ: മിസ്റ്റർ പണിക്കർ ചോദിക്കുന്ന അഞ്ചു ലക്ഷം രൂപയുടെ ഇടപാടെങ്കിലും തീർന്നിട്ടില്ലെയെന്നു്. എന്നാൽ കടലാസ്സിൽ സെറ്റിൽമെന്റു ചെയ്തു പുറത്തു വിടുന്നതല്ലാതെ മദ്ധ്യസ്ഥത തീർപ്പുനരിച്ചു സംഖ്യ കൊടുക്കാനുള്ള യാതൊരേർപ്പാടുകളും ചെയ്തിട്ടില്ല. ഇനി എത്ര മദ്ധ്യസ്ഥതയുണ്ടായാലും കൊടുക്കാനുള്ള മനഃസ്ഥിതിവന്നാലല്ലാതെ അതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ഇങ്ങനെ തെക്കുള്ളവർ ബോർഡുവൃക്ഷത്തിന്റെ തണലിൽ നിന്നുകൊണ്ടു് രണ്ടര വർഷക്കാലമായി കഴിഞ്ഞുകൂടുന്നു. ഇനി വടക്കൻ താലൂക്കുകളിൽ കൂടി കൊണ്ടുപോയി അവിടെയുള്ളവർക്കുകൂടി അതിന്റെ തണലിൽ കുറെക്കാലം കഴിഞ്ഞുകൂടാമെന്നാണാശിക്കുന്നതു്. ഈ ഡെറാ കൺസിലിയേഷൻ ബോർഡു് ഇനി അങ്ങോട്ടു കൊണ്ടുപോയാൽ അവിടെയും ഇവിടെയുമായി കുറെക്കാലം ഓടിനടക്കാമെന്നല്ലാതെ അതുകൊണ്ടു് ജനങ്ങൾക്കു യാതൊരു പ്രയോജനവുമില്ല. പിന്നെ മിസ്റ്റർ പണിക്കർ പറഞ്ഞു വക്കീലന്മാർക്കു ക്ഷാമം നേരിടുന്നുണ്ടെന്നു്. എന്നാൽ അതു ശരിയല്ല. ഡെറാ കൺസിലിയേഷൻ ബോർഡു് വന്നതിനു ശേഷവും വക്കീലന്മാർക്കു ഗ്രീക്കുംചുവപ്പുമായി റിലീഫു് ആക്ടും മറ്റും ഉണ്ടായിട്ടുള്ളതിനാൽ മുൻസീഫു് കോടതികളിലും മറ്റും ധാരാളം കേസ്സുകൾ കിട്ടുന്നുണ്ടു്. പിന്നെ ബോർഡു് വടക്കോട്ടു കൊണ്ടുപോയാൽ അവിടത്തെ ക്ലൈറന്റുകൊണ്ടും മറ്റും നന്നാകുമെന്നു് വിചാരിക്കേണ്ട. പണം മേടിച്ചാൽ കൊടുക്കാനുള്ള മനസ്ഥിതിയാണു് വേണ്ടതു്. അതിനു പറ്റിയ ഒരു ബോർഡല്ല ഇന്നുള്ളതു്. ബോർഡിന്റെ തീർപ്പനുസരിച്ചുള്ള സംഖ്യയെങ്കിലും കിട്ടാനുള്ള ഒരു വഴി ബഹുമാനപ്പെട്ട അവതാരകൻ കണ്ടിരുന്നെങ്കിൽ ഉപകാരമായിരുന്നു. അങ്ങിനെയുള്ള എന്തെങ്കിലും ഒരു വഴി കൂടി ഉണ്ടായിരുന്നെങ്കിൽ ഞാൻ ഈ

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

മോഷനെ അനുകൂലിക്കുമായിരുന്നു. അതൊന്നുമില്ലാത്തതിനാൽ ഈ ബോർഡു ഇനിയും പ്രവൃത്തിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

Mr. C. R. Iyyunni *(Trichur-South):* I understand from the report published in the Gazette that 112 cases have been conciliated. As a matter of fact, may I know whether there has been any instance where payment has been made or anything done to act up to the decision of the Board?

* മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: സർ, ഡെറ്റ് കൺസിലിയേഷൻ ബോർഡ് കടക്കാർക്ക് എന്തെങ്കിലും ആനുകൂല്യം ചെയ്തിട്ടുണ്ടോയെന്നാണ് ഇവരുടെ സംശയം. വളരെ ആനുകൂല്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് ഞാൻ പറയുന്നു (ഹിയർ, ഹിയർ). കൊച്ചിരാജ്യത്തു് മുകുന്ദപുരം താലൂക്കിൽ സകല കടക്കാരുടേയും കടം എത്ര വെട്ടിക്കുറച്ചാലും ബാക്കിയുള്ള സംഖ്യ ഡെറ്റ് കൺസിലിയേഷൻ ബോർഡ് വിചാരിച്ചാലും കൊടുത്തുതീർക്കാൻ സാധിക്കാത്ത്ര അധികമുണ്ട്. എന്നാൽ ഡെറ്റ് കൺസിലിയേഷൻ ബോർഡ് അവിടെ കൊണ്ടുപോയി കുറെക്കാലമെങ്കിലും നടത്തുന്നപക്ഷം അത്ര സമയം വരെയെങ്കിലും വസ്തുവിലെ ആദായങ്ങൾ എടുത്തു അനുഭവിക്കാമെന്നാണ് അവിടത്തെ കടക്കാരുടെ ആലോചന. എന്നാൽ ഡെറ്റ് കൺസിലിയേഷൻ കാർ യാതൊരു ജോലിയുമില്ലാതെ, ഇതുവരെ അപേക്ഷ വന്ന കടക്കാരുടെ ഇടപാടുകളൊക്കെ തീർത്തു, ഇനി വല്ല ഹരജിയും വരുന്നുണ്ടോയെന്നു നോക്കിയിരിക്കുന്നതുപോലെയാണ കാണുന്നതു്. ഞാൻ ഒരു ബോർഡു മീറ്റിങ്ങിന് പോയിരുന്നു. കേസ്സില്ലാത്ത വക്കീലന്മാർ കക്ഷികളെ നോക്കിയിരിക്കുന്നതുപോലെ അവർ യജമാനന്മാരുടെ വർത്തമാനങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നതായിട്ടാണ് കണ്ടതു്. ഇതിൽനിന്നു അവക്കിപ്പോൾ യാതൊരു ജോലിയും ഇല്ലാതായിട്ടുണ്ടെന്നു് മനസ്സിലാക്കാം. അതുകൊണ്ടു ഇതിവിടെ അവസാനിപ്പിച്ചാൽ തരക്കേടില്ല. എന്നാൽ ബഹുമാനപ്പെട്ട ചിറ്റൂർ റൂറൽ മെമ്പർ വടക്കൻതാലൂക്കുകളിലേക്കു കൊണ്ടുപോകണമെന്നു പറയുകയുണ്ടായി. എന്നാൽ ഇനി അവിടേക്കു കൂടിക്കൊണ്ടുപോകാതെ ഇവിടെതന്നെ അവസാനിപ്പിക്കുന്നതേ എന്നാണ് എന്റെ സംശയം. എന്തായാലും ഇതു് ഇവിടെ വേണമെന്നില്ല. അവർക്കു വേണമെന്നുണ്ടെങ്കിൽ കൊണ്ടുപോകുന്ന കാര്യത്തിൽ ഞങ്ങൾക്കു വിരോധവുമില്ല.

* മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: സർ, ഒരുകാലത്തു ഈ നിയമസഭയിൽ വളരെ ഗൌരവമായ വാദപ്രതിവാദങ്ങൾ നടന്നതിനു ശേഷം ഗവർമ്മെണ്ടു് സ്വീകരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്ത ഒരു നിയമത്തിന്റെ പ്രവർത്തനം പെട്ടെന്നു് അവസാനിപ്പിച്ചതിനെ സംബന്ധിച്ചു വാദപ്രതിവാദങ്ങൾ ചെയ്യുന്നതിനാണല്ലൊ ബഹുമാനപ്പെട്ട ചിറ്റൂർ റൂറൽ മെമ്പർ ഇവിടെ ഒരടിയന്തിപ്രമേയം അവതരിപ്പിച്ചിട്ടുള്ളതു്. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ബഹുമാനപ്പെട്ട ദിവാൻ പ്രസിഡണ്ടവർകളും ആ സമ്മേളനത്തിന്റെ അവസാനദിവസത്തിൽ കൃഷിസഹായനിയമം പാസ്സാക്കി ഇവിടെ നടന്നിരുന്ന കോലാഹലങ്ങൾക്കിടയിൽ കൃഷിക്കാരുടെ കടങ്ങൾ വെട്ടിച്ചുരുക്കാനും അതു കൊടുത്തുതീർക്കാൻ അവർക്കു സൌകര്യമുണ്ടാക്കാനും ആയി വേണ്ട എല്ലാപ്പണികളും ചെയ്യുന്നതിനു ഒരു കമ്മീഷനെ നിയമിക്കാമെന്നു് വാഗ്ദാനം ചെയ്യുക

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

യുണ്ടായിട്ടുണ്ട്. ആ കമ്മറിയുടെ റിപ്പോർട്ട് അവർ ഗവർമ്മേണ്ടിലേക്ക് സമർപ്പിച്ചിട്ടുള്ളതായി ഞങ്ങൾക്കറിയാം. ഇതിയവസരത്തിൽ, ജുണരഞ്ജനബോർഡ് അവസാനിപ്പിച്ച സമയം ഗവർമ്മേണ്ടിനു ഈ രാജ്യവാസികൾക്ക് ചില സമാധാനങ്ങൾ ചെയ്തുകൊടുക്കേണ്ട കടമയുണ്ടായിരുന്നു. കടങ്ങൾ വെട്ടിക്കുറക്കുക, അവ കൊടുത്തുതീർക്കാൻ സൌകര്യമുണ്ടാക്കുക എന്നിങ്ങനെയുള്ള രണ്ടു നിയമങ്ങൾ ഉണ്ടാക്കണമെന്ന തത്വമാണ് ഇതിൽ അന്തർഭവിച്ചിരുന്നതു്. ഗവർമ്മേണ്ടു് യാതൊരു കാരണവും പറയാതെ ജുണരഞ്ജനബോർഡിന്റെ പ്രവർത്തനം ഫലശൂന്യമായി എന്നു് ഞങ്ങൾക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു എന്നു് പറഞ്ഞുകൊണ്ടു് ഉത്തമർണ്ണന്മാരും അധമർണ്ണന്മാരും തമ്മിലുള്ള രഞ്ജനം ഇല്ലാതാക്കിയപ്പോൾ അധമർണ്ണന്മാരുടെ കടം എന്താണെന്നു് വ്യക്തമാക്കേണ്ട ചുമതല ഉണ്ടായിരുന്നു. ഗവർമ്മേണ്ടു് ജുണരഞ്ജനബോർഡു് സമാപ്തീകരിച്ചുകൊണ്ടു് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ അതിനെക്കുറിച്ചു യാതൊരു സൂചനയും കാണിച്ചിട്ടില്ല. അതിനാൽ ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ മെമ്പർ അവതരിപ്പിച്ചിരിക്കുന്ന അടിയന്തിരപ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വത്തെക്കുറിച്ചു് നിയമസഭ മനസ്സിലാക്കണമെന്നും ജുണരഞ്ജനം ഏതുവിധത്തിലാണു് നടപ്പിലാക്കേണ്ടതെന്നും അതു് പ്രയോഗത്തിൽ വരുത്തേണ്ടതു് എങ്ങിനെയെന്നുമുള്ള കാര്യങ്ങളിൽ ഗവർമ്മേണ്ടിന്റെ ചുമതല നിർവ്വഹിച്ചിട്ടില്ലാത്തതിനാൽ ആ സംഗതി ഈ സഭ ആലോചിക്കണമെന്നുമാണു് എന്റെ അപേക്ഷ. കർഷകസഹായബില്ലിന്റെ, കഴിഞ്ഞ രണ്ടു മൂന്നു മാസത്തെ പ്രവർത്തനങ്ങൾ നേരിട്ടറിയാൻ ഇടയായതിൽ മുതലാളികൾക്കു ഇപ്പോഴും പലവിധത്തിലും ഈ നിയമങ്ങൾ നടപ്പിൽ ഇരുന്നിട്ടും കടക്കാരെ ദ്രോഹിക്കാനും കവിഞ്ഞ പലിശകൾ ചുമത്താനും ധാരാളം സൌകര്യമുണ്ടെന്നു് ഞങ്ങൾക്കു കാണുവാൻ സാധിച്ചിട്ടുണ്ടു്. ഭ്രപണയ ബാങ്കിൽ പണത്തിനപേക്ഷിക്കുമ്പോൾ ഇപ്പോഴത്തെ കർഷകനിയമമനുസരിച്ചുള്ള പലിശ മതിയെന്നു് അവർ സ്റ്റേറ്റുമെന്റു കൊടുക്കാൻ വിസമ്മതം കാണിക്കുന്നതായ പല അനുഭവങ്ങളും ഭ്രപണയബാങ്കിന്റെ ഡയറക്ടറന്മാരിൽ നിന്നു എനിക്കറിയാൻ സാധിച്ചിട്ടുണ്ടു്. ഇങ്ങനെയുള്ള കാരണങ്ങളാൽ അധമർണ്ണന്മാർക്കു എന്തെങ്കിലും പരിരക്ഷ വേണമെന്നുണ്ടെങ്കിൽ ജുണരഞ്ജന ബോർഡ് പ്രത്യേകിച്ചു കർഷകസഹായ ബിൽ നടപ്പിൽ ഇരിക്കുന്നിടത്തോളം കാലം ആവശ്യമാണു്. അതിനാൽ ഇപ്പോൾ ക്രെഡിറ്റ് ബോണ്ടു് കമ്മറിയുടെ നിർദ്ദേശം ഏതു വിധത്തിലാണു് സ്വീകരിക്കുന്നതു് എന്നുള്ളതിനെ സംബന്ധിച്ചു യാതൊരു നിർദ്ദേശവും ഗവർമ്മേണ്ടു് തരാത്ത സ്ഥിതിക്കും കർഷകസഹായ ആക്ടിന്റെ ഗുണാനുഭവങ്ങൾ ജനങ്ങൾക്കു കൂടുതലായി ഉണ്ടായിട്ടില്ലാത്ത നിലക്കും ജുണരഞ്ജനബോർഡിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതു് ഒരു വിധത്തിലും കടക്കാർക്കു ഗുണകരമല്ലെന്നാണു് എന്റെ അഭിപ്രായം. ഇന്നത്തെ നിയമമനുസരിച്ചു ജുണരഞ്ജന ബോർഡിനു പരിമിതമായ അധികാരങ്ങളേ ഉള്ളൂ എന്നു് സമ്മതിക്കാതെ നിവൃത്തിയില്ല. പക്ഷെ ഈ അധികാരത്തെ വിപുലമാക്കാനും അവയെ പ്രയോഗക്ഷമമാക്കി അതുകൊണ്ടു കാര്യം സാധിക്കുന്നതിനും അങ്ങിനെ കടക്കാർക്കു വേണ്ട ഗുണങ്ങൾ ഉണ്ടാക്കാനും വേണ്ടി വാദിക്കേണ്ടചുമതല ഈ നിയമം പാസ്സാക്കിയ ഈ സഭക്കുണ്ടെന്നാണു് എന്റെ വിശ്വാസം. അതിനാൽ ശ്രീമാൻ ഈച്ചരമേനോൻ അവർകളുടെ ഈ അടിയന്തിര പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കണമെന്നു് ഞാൻ ഈ സഭയോടഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. R. Iyyunni *(Trichur-South):* I would like to know whether there has been any substantial reduction in the number of cases brought before the committee year after year.

Mr. K. P. Kannan Nayar *(Secretary to Government):* The committee has only reported that after the coming into force of the Agricultural Relief Act there has been a considerable reduction in the filing of the petitions. With reference to the other point on which the hon'ble member wanted information, I have got the necessary information for the year 1114 and not for the year 1113. Out of the amount of Rs. 5,26,650 conciliated, petitions to the amount of Rs. 37,000 have been compromised. 50 per cent of the creditors and 50 per cent of the debtors are involved in the compromise. Now the whole matter has been practically dismissed and I do not think it is necessary for me to deal at length.

മിസ്റ്റർ ടി. കെ. നായർ: ഇത ബോർഡ് abolish ചെയ്യാനുള്ള കാരണങ്ങൾ ഞങ്ങൾക്ക മനസ്സിലാകുന്നില്ല.

മിസ്റ്റർ കെ. പി. കണ്ണൻനായർ: പ്രോസീഡിംഗ്സ് വായിച്ചു; ഗവ മേണ്ടിനു പറയാനുള്ള കാരണങ്ങൾ വ്യക്തമാക്കാം.

This Board, as the House knows, was only established as an experimental measure to find out by experience how the scheme in actual practice will work. That is why the Government did not establish it throughout the whole State. Government wanted to know whether with the limited power under the Act the Board will be able to do any substantial work. It is for that purpose that the Board was constituted in these three taluks. From the number of petitions received during these three years we find that about 921 applications involving an amount of Rs. 45 and odd lakhs were received by the Board for disposal. From the number of applications that are seen to have been dismissed, it will be clear that the Board, whenever it used to send its report, had been complaining that one advantage taken by many of the debtors seems to have been to put in petitions and go away thinking that their responsibility ceases with the putting in of petitions. In such cases the petitions are naturally disposed of for default. We find that out of the 921 applications recieved about 444 involving an amount of Rs. 16 and odd lakhs have been dismissed for default alone. That is nearly 50 per cent of the petitions. The number of petitions dismissed for other causes is, in 1113—60 and in 1114—11. Therefore the dismissals alone work up to more than 500. Only 156 applications could be dismissed of on merits and these 156 applications took in four lakhs and 80 thousand and odd rupees. These were dismissed on merits. That is, after the expiry of one year, if no conciliation has

LIBRARY ARCHIVES Kerala Legislative Assembly

been effected these automatically go. Now we have given power to the Board for the appointment of receivers in fit cases. 78 applications have been disposed of under that section, 16 in 1113 and 62 in 1114. Then again some applications, 24 in 1113 and 4 in 1114 were dismissed under the Chief Court Ruling. In some of these cases, the properties were sold in court auction or were dismissed on account of the petitioners having put in I. P. So we find as a matter of fact 444 applications were dismissed for default and 333 dismissed for other causes. The number of petitions actually conciliated is 112 amounting to Rs. 5 and odd lakhs. Even with reference to 5 and odd lakhs registered under section 14 (2) of the Act the amount under agreement comes to three and odd lakhs. In 1112 the Board was constituted only on the 29th Edavam and it began to work on the 19th of Mithunam. In the beginning there was a rush of applications. In 1113 there were 519 and in 1114 the number was 199. So there was a large reduction in 1114. Naturally the people did not want to put applications there, and they did not want to take advantage of the Board. The only object with which they went to the Board was to get time and to see that no proceedings are taken in the Civil Courts. That seems to have been the attitude taken by the people. Now it must be understood that so far as the jurisdiction of the Board is concerned, it takes in agricultural debts also. That class of debtors need not now go to the Board. Now they can go to the ordinary court where their debts will be scaled down according to the Agricultural Relief Act. In fact, that has been the agitation here. The Board has also got the same powers of scaling down debts. That is actually being done by the Civil Courts so far as the agriculturists are concerned. The Board also reports that after the passing of the Agricultural Relief Act, there are practically no applications. The net loss for the Government is over five thousand rupees during these 2½ years.

It is not merely a question of expenditure. If there is a corresponding benefit either to the creditor or to the debtor then Government would not mind spending a few thousands. But that is not what we have been hearing. There is no substantial benefit. Nobody seems to be satisfied, neither the Board, nor the debtor, nor the creditor. That is why the Government have thought of abolishing the Board with effect from the date up to which the period has been extended.

മിസ്റ്റർ ടി. കെ. നായർ : അഗ്രികൾച്ചറൽ റിലീഫ് ബിൽകൊണ്ടു അഗ്രികൾച്ചറിസ്റ്റ്കളല്ലാത്തവർക്കു ഋണം സിദ്ധിക്കുകയില്ലല്ലൊ ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. കണ്ണൻനായർ: ഡെറ്റ് കൺസിലേഷൻ ബോർഡും കൃഷികരുടെ സഹായത്തെ ഉദ്ദേശിച്ചുണ്ടാക്കീട്ടുള്ളതാണു്. ഇതു അങ്ങിന്റെ പ്രിയാമ്പിൾ വായിച്ചാൽ തന്നെ മനസ്സിലാകുന്നതാണു്.

മിസ്റ്റർ ടി. കെ. നായർ: ഞാൻ ചോദിക്കുന്നതു അഗ്രികൾച്ചറൽ റിലീഫ് ആക്ടുകൊണ്ടു ഇണം കിട്ടാത്ത കടക്കാരെ കുറിച്ചാണു്. ലാൻറ്മോർട്ടുഗേജ് ബാങ്കിൽ നിന്നു പണംകിട്ടണമെങ്കിൽ അതിനു സത്തുക്കൾ വേണ്ടേ? ഇപ്പോൾ ഒരുത്തനു് പതിനായിരം രൂപ മുതലും ഏഴായിരം രൂപ കടവുമുണ്ടെങ്കിൽ അവനു് ഈ ബിൽകൊണ്ടു എന്താണു ഇണം എന്നാണു് ഞാൻ ചോദിക്കുന്നതു്.

മിസ്റ്റർ കെ. പി. കണ്ണൻ നായർ: ഈ ബോർഡുകൊണ്ടും അവക്കു് ഇണമുണ്ടായിട്ടില്ലല്ലൊ?

മിസ്റ്റർ ടി. കെ. നായർ: അഞ്ചു ലക്ഷം രൂപകൊടുത്തു കഴിഞ്ഞിട്ടുള്ളതു് ആക്കും ഇണമില്ലാതെയാണൊ?

മിസ്റ്റർ കെ. പി. കണ്ണൻ നായർ: വസ്തു ഉള്ളവക്കാണു് ആ പണവും കൊടുത്തിട്ടുള്ളതു്. വസ്തുവില്ലാത്തവക്കു കിട്ടീട്ടുമില്ല.

മിസ്റ്റർ ടി. കെ. നായർ: കൺസിലിയേഷൻ ബോർഡുകൊണ്ടുദ്ദേശിച്ചിട്ടുള്ളതു അതൊന്നുമല്ല. സാധാരണയായി മണി മാക്കറ്റിൽ പോയാൽ പണം കിട്ടാത്ത ഒരുത്തന്റെ രക്ഷക്കുകൂടിയാണു ഡെറ്റ കൺസിലിയേഷൻ ബോർഡെന്നു് ഞാൻ വാദിക്കുന്നു. പതിനായിരം രൂപയ്ക്കു മരുത്തനു കടമുണ്ടെങ്കിൽ മല്യുസ്ഥത മൂലം അതു അയ്യായിരമായി കുറഞ്ഞു കിട്ടാനും സാധിക്കും.

മിസ്റ്റർ കെ. പി. കണ്ണൻനായർ: അതിൽ വ്യത്യാസമുണ്ടു്.

മിസ്റ്റർ ടി. കെ. നായർ: എന്റെ ചോദ്യം വസ്തുക്കളില്ലാത്ത ഒരു കടക്കാരന്റെ കാര്യത്തിലെന്തുചെയ്യുമെന്നാണു്?

Mr. C. R. Iyyunni *(Trichur-South):* I would like to know whether there has been any instance where there has been conciliation effected where the debtor is not in a position either to supply money or anything else.

മിസ്റ്റർ കെ. പി. കണ്ണൻനായർ: അങ്ങിനെയുണ്ടാകാൻ ന്യായമുണ്ടു്. പക്ഷെ അതിവിടെ ഉണ്ടായിട്ടില്ല.

Mr. M. K. Devassy *(Adur):* As I understood Mr. T. K. Nayar, where there is no possibility of the debtor getting sufficient money to clear off the debt as scaled down by the Agriculturists' Relief Act, does the Government think it possible for the Board to effect a conciliation much lower down than what is possible by the Agriculturists' Relief Act.

Mr. K. P. Kannan Nayar *(Secretary to Government):* I do not think it is possible.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. R. Iyyunni *(Trichur-South):* According to law they can have only double the amount of the principal. Fifty per cent of the creditors to whom money is due must agree. Then only conciliation is possible. If ample powers to conciliate have been given to the Board, then it is alright. But such a thing is not contemplated by the Act. The provisions of the law do not go to that extent. I do not know how conciliation can be effected in the case of a person without any money and who is a big debtor.

മിസ്റ്റർ ടി. കെ. നായർ: പതി നായിരം രൂപ മുതലും ഏഴായിരം രൂപ കടവുമുണ്ടെങ്കിൽ അതു മദ്ധ്യസ്ഥതയ്ക്കു വരുന്നപക്ഷം ഏഴായിരം രൂപാ കടം ചിലപ്പോൾ മുപ്പായിരമായി കുറഞ്ഞു കിട്ടാനിടയുണ്ട്. അതു ഗുണം ബോർഡില്ലെങ്കിൽ കടക്കാരനുണ്ടാകുകയില്ലല്ലോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ: കടം കൊടുത്തിട്ടുള്ളവൻ സമ്മതമാണെങ്കിൽ അങ്ങിനെ കുറഞ്ഞു കിട്ടാം, അതിനു ബോർഡു വേണമെന്നില്ല.

മിസ്റ്റർ ടി. കെ. നായർ: ബോർഡുണ്ടെങ്കിൽ കടം കൊടുത്തിട്ടുള്ളവൻ സമ്മതമില്ലെങ്കിലും അങ്ങിനെ കുറയ്ക്കുന്നതിനു സാധിക്കും. സമ്മതമുണ്ടെങ്കിൽ പിന്നെ ബോർഡു വേണെന്നു പറയുമൊ?

Mr. A. B. Salem *(Mattancheri):* Sir, In this matter of Debt Conciliation Board which was before the Government of Cochin when Mr. Herbert was here as Diwan, a scheme was published by the Government in the Gazette that they would issue land bonds to the extent of 15 lakhs of rupees. I would like to know why such a scheme after the Government had passed orders was dropped. There seems to be no continuity of policy adopted and we have come to the difficulty of satisfying nobody in the land. The creditors are not satisfied, the debtors are not satisfied and the Board who are to satisfy these people are not satisfied. That is the position we have come today, and I only got up to tell the Government that even the new scheme that the Government is going to adopt is not a bold scheme. A big disease needs a bold treatment. If the Government is only going to paliate, the Government will certainly not please anybody. The policy of trying to please everybody will end in pleasing nobody. I take this opportunity to impress upon the Government who is now considering the Antony Committee Report to take the matter very seriously and not only be partial to agriculturists but give help to all the debtors who want to pay their debts. Opportunities must be given to all. As Mr. T. K. Nayar pointed out a man who has got land worth ten thousand rupees and a debt of seven thousand rupees cannot get from the Land Mortgage Bank sufficient money to pay his debts. What will he do? What is the proposal the Government has got to save such a man? The reply is, we have no proposal. I would therefore request the Government to do something for these

LIBRARY ARCHIVES Kerala Legislative Assembly

people. I do not think anybody will be sorry for the abolition of the Board. Government rightly abolished it. What we want is some means of currency by which people who possess lands in Cochin will be able to circulate their only property in the land as freely as they can circulate money. With these words, I would support the Government for the abolition of the Board, but at the same time I would request the Government to consider a bold scheme by which they can give a relief to the people.

Mr. A. Eachara Menon *(Chittur-Rural):* I withdraw the motion.

Motion by leave withdrawn.

The Cochin Cultivating VerumpattamdarsBill—(cont.)

മിസ്റ്റർ സി. വി. ഇയ്യു: മിസ്റ്റർ പ്രസിഡണ്ട് സർ, വെറുമ്പാട്ടക്കാരുടെ രക്ഷയ്ക്കുവേണ്ടി ഗവമ്മെണ്ടിൽനിന്നു അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിന്റെ വാദപ്രതിവാദത്തിന്നിടയിൽ മലബാറിലെ ബില്ലും കൊച്ചിയിലെ ബില്ലുമായിട്ടുള്ള താരതമ്യം വളരെ വിശദമായി എന്റെ മുമ്പിൽ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞിട്ടുള്ളതുകൊണ്ടു അതിനെക്കുറിച്ചു അധികമൊന്നും താൽപര്യമെനിക്കു പറയാനില്ല. കുടിയാന്മാരുടെ രക്ഷയുടെ കാര്യത്തിൽ ബ്രിട്ടീഷ് മലബാറിനേക്കാൾ കൊച്ചി രാജ്യമാണ് മുന്നിട്ടുനിന്നിട്ടുള്ളതു. ഫാൻറാമണ്ടിൽതന്നെ ഇതിനെ പുരസ്കരിച്ചു ഒരു ബിൽ ഇവിടെ പാസ്സാക്കുകയും അതു നിയമമായിട്ടു നടപ്പിൽ വരുത്തുകയും ചെയ്തു. അതിൽപിന്നെ വളരെക്കാലം കഴിഞ്ഞതിനുശേഷമാണ് മലബാറിൽ ഇങ്ങിനെ ഒരു നിയമമുണ്ടായതു. എന്നാൽ മലബാറിലെ നിയമത്തിൽനിന്നു കൃഷിക്കാരായ വെറുമ്പാട്ടക്കാർക്കു ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കുന്ന കാര്യത്തിലാണ് നമ്മൾ പിന്നോക്കം നില്ക്കുന്നതു. മലബാറിൽ ഇന്നു നടപ്പിൽ വന്നിരിക്കുന്ന നിയമം കൃഷ്കലോകത്തിനു ഗുണകരമല്ലെന്നു തെളിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ അതുപോലെതന്നെ കൃഷ്കർക്കു ഗുണകരമല്ലാത്ത ഒരു ബിൽ ഇവിടേയും പാസ്സാക്കണമെന്നുള്ള അഭിപ്രായത്തോടു യോജിക്കുന്ന കാര്യത്തിൽ എനിക്കു വിസമ്മതമുണ്ട്. ഇവിടെ കൃഷികാര്യാസ ബിൽ പാസ്സാക്കി കഴിഞ്ഞതിനുശേഷം ക്രഡിറ്റു ബോണ്ടുമൂലം കൃഷ്കരെ സഹായിക്കാരതതിനുള്ള ഒരു പ്രതി ഗവമ്മെണ്ടിൽനിന്നു ത്രുപീകരിച്ചുവരുന്നു. എന്റെ മുമ്പു സംസാരിച്ച ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ മിസ്റ്റർ സേലം ഇതിനെക്കുറിച്ചു വിശദമായി ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ടല്ലൊ. ഈ വെറുമ്പാട്ട കുടിയാൻ ബിൽ അതുപോലെ ഒരു ക്രഡിറ്റു ബോണ്ടുകൊണ്ടു യഥാർത്ഥത്തിൽ കൃഷ്കരെ സഹായിക്കാത്ത ഒരു ബില്ലായി ഈ നിയമസഭയിൽ അവതരിപ്പിച്ചിരുന്നെങ്കിൽ കൊച്ചിയിലെ കൃഷ്കലോകത്തിനു അഭിമാനമായും ഇൻഡ്യയിലെ കൃഷ്കർക്കാകമാനം അനുകരണയോഗ്യമായും ഭവിക്കുമായിരുന്നു. ഓരോ കൃഷിക്കാരനും അവൻ കൃഷി ചെയ്യുന്ന ഭൂമിയുടെ യഥാർത്ഥ ഭൂമി ഉടമസ്ഥനായി പരിണമിക്കത്തക്കവണ്ണം ഒരു ബില്ലായി ഇതു നിയമസഭയിൽ വന്നിരുന്നുവെങ്കിൽ അതു കൊച്ചിയിലെ പെരുമലക്ഷത്തിനും കൊച്ചി ഗവമ്മെണ്ടിനും ഈ നിയമസഭാ മെമ്പർമാർക്കും വളരെ അഭിമാനകരമായി തീരുമായിരുന്നു. ഈ നിയമസഭയിൽ കൃഷിക്കാരുടെ ഉറ്റ ബന്ധുക്കളെന്നു

LIBRARY ARCHIVES Kerala Legislative Assembly